# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3

23.01.2018-ൽ മറുപടിക്ക്

## പി.എസ്.സി നടത്തിയ ലബോറട്ടറി ടെക്നോളജി അസിസ്റ്റന്റ് പരീക്ഷ

| | ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കേരള പി.എസ്.സി നടത്തിയ ലബോറട്ടറി ടെക്നോളജി അസിസ്റ്റന്റ് (റബ്ബർ ടെക്നോളജി) കാറ്റഗറി നമ്പർ 121/2014 എന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നറിയിക്കാമോ; | (എ) | 30.05.2017-ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർക്കും നിയമന ശിപാർശ നൽകിയിട്ടില്ല. |
| (ബി) | 2018-19 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും എന്നറിയിക്കാമോ; ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെ ജില്ലകളിലാണ്; അവ ഏതെല്ലാം എന്നറിയിക്കാമോ? | (ബി) | 2019 മാർച്ച് വരെ ഈ തസ്തികയിൽ ഒഴിവുകൾ ഒന്നും പ്രതീക്ഷിക്കുന്നില്ല. ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവും ആണ്. ഒരു വർഷത്തിനു ശേഷം പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ ഒരു ലിസ്റ്റ് നിലവിൽ വരുന്ന പക്ഷം നിലവിലെ ലിസ്റ്റിന് പ്രാബല്യം ഇല്ലാതാകും. മൂന്ന് വർഷകാലയളവ് (29.05.2020) |

| | | | |
|---|---|---|---|
| | | | വരെ ഒരാളെപ്പോലും നിയമിക്കാത്ത പക്ഷം ലിസ്റ്റിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം (ഏതാണോ ആദ്യം വരുന്നത്) കൂടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല. |

**സെക്ഷൻ ഓഫീസർ**